


Vol. 6, Issue : 1

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

DECEMBER 2019

## Editorial

**"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം**
**ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം"**

പ്രിയമുള്ളവരെ...

ഇളംമഞ്ഞിന്റെ കുളിർമയുടെയും നക്ഷത്രശോഭയുടെയും നിലാവിന്റെ നീലിമയിൽ തഴുകുന്ന കുഞ്ഞിളം കാറ്റിന്റെയും അകമ്പടിയോടെ, ദൈവദൂതർ പാടുന്ന ഈ ഗാനം, നമ്മെ ഓർമ്മപ്പെടുത്തുന്നത് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്നു വീണ ദിവ്യരക്ഷകന്റെ ജനനമാണ്. സ്നേഹത്തിന്റെ ഏറ്റവും സുന്ദരവും സന്തോഷകരവുമായ നിദർശനമാണ് ക്രിസ്തുമസ്സ്. മനുഷ്യനോടുള്ള പ്രണയം മാംസമായി പ്രപഞ്ചത്തിലേക്കിറങ്ങി വന്ന ദൈവസാന്നിധ്യമാണത്. പ്രപഞ്ചസ്രഷ്ടാവ് പ്രകൃതിയിലേക്കിറങ്ങിനെഞ്ചോളം സ്നേഹം നൽകി അനുഗ്രഹിച്ചതിന്റെ ആഘോഷം കൂടിയാണത്. ഈ സ്നേഹത്തിന്റെ അവതാര സന്തോഷരഹസ്യം സ്നേഹിച്ചു കൊണ്ടല്ലാതെ മറ്റെങ്ങനെ ആഘോഷിക്കാനാണ്?

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യം നമ്മെ ഓർമ്മപ്പെടുത്തുന്നതും മറ്റൊന്നല്ല. ക്രിസ്തു പിറക്കുന്നു എന്നാൽ സ്നേഹം പിറക്കുന്നു എന്നല്ലേ? ഈ കാലഘട്ടത്തിൽ അപരനിലെ ഈശ്വരസാന്നിധ്യത്തെ കൂടുതൽ ദർശിക്കാനാകണം. ക്രിസ്തു എന്നിൽ, എന്റെ ഭവനത്തിൽ, എന്റെ സമൂഹത്തിൽ പിറക്കണം... എന്നാൽ മാത്രമെ ക്രിസ്തുമസ്സ് എന്ന പദത്തിന് അർത്ഥമുണ്ടാകൂ. ഒത്തിരി കാര്യങ്ങൾ ചെയ്തു കൂട്ടുന്നതിലല്ല ചെറിയകാര്യങ്ങൾ വലിയ സ്നേഹത്തോടു കൂടി ചെയ്യുമ്പോഴാണ് ക്രിസ്തു എന്നിൽ ജനിക്കുക. മറ്റുള്ളവർ എന്തു ചെയ്തു എന്നതിലല്ല മറിച്ച് ഞാൻ മറ്റുള്ളവർക്ക് വേണ്ടി എന്തു ചെയ്തു എന്നതായിരിക്കട്ടെ നമ്മെ ഭരിക്കുന്ന ചിന്ത. സ്നേഹം ഭരിക്കുന്ന ഒരു നവലോകനിർമ്മിതിക്കായ് നാം ഇറങ്ങി തിരിക്കുമ്പോൾ വീണ്ടും ദൈവദൂതർ പാടും, 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം...' എന്ന്. ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ഒരായിരം മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. സിജോ ചെറുവത്തൂർ**, എഡിറ്റർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി അറുപത്തിയെട്ടാമത് വാർഷികദിനാചരണം നടത്തി



1951–ൽ തൃശ്ശൂർ അതിരൂപതയുടെ കീഴിൽ സ്ഥാപിതമായ ജൂബിലി മിഷൻ ആശുപത്രി അറുപത്തിയെട്ടാമത് വാർഷികദിനം ആചരിച്ചു. ഗവൺമെന്റ് ചീഫ് വിപ്പ് അഡ്വ. കെ. രാജൻ ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്റ്റർ ഷാനവാസ് ഐ.എ.എസ്. മുഖ്യാതിഥിയായിരുന്നു. ജൂബിലിയുടെ സർവ്വീസിൽ നിന്ന് വിരമിച്ചവർക്ക് ഉപഹാരവും പൊന്നാടയും നൽകി. ആദരിച്ചു. തുടർന്ന് ജൂബിലി ഫെസ്റ്റ് മത്സരവിജയികൾക്കുള്ള സമ്മാനവിതരണവും കലാപരിപാടികളും അരങ്ങേറി. ആശുപത്രിയിൽ 25, 50 വർഷം സേവനം പൂർത്തിയാക്കിയവരേയും ചടങ്ങിൽ ആദരിച്ചു.

## ജൂബിലിയിലെ പുതിയ ചികിത്സാരീതികളെ പ്രകീർത്തിച്ചുകൊണ്ട് ശൈലജ ടീച്ചർ



ജൂബിലി മിഷൻ ആശുപത്രിയുടെ ഹൃദയാലയ വിഭാഗത്തിന്റെ പത്താം വാർഷികവും ഇന്റർവെൻഷനൽ ന്യൂറോളജിയുടേയും ഇന്റർവെൻഷനൽ റേഡിയോളജിയുടേയും ഔപചാരിക ഉദ്ഘാടനവും ബഹു. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി ശൈലജ ടീച്ചർ നിർവ്വഹിച്ചു. ഒപ്പം എപ്പിലപ്സി ക്ലിനിക്കിന്റെ ഉദ്ഘാടനം ശ്രീ. ടി.എൻ.പ്രതാപൻ നിർവ്വഹിച്ചു. തൃശ്ശൂർ ജില്ലയിൽ ആദ്യമായി ആരംഭിക്കുന്ന ന്യൂറോ ഇന്റർവെൻഷനൽ കാത്ത്‌ലാബിന്റെയും, എപ്പിലപ്സി ക്ലിനിക്കിന്റെയും ഔപചാരിക ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു. സ്ട്രോക്ക് മൂലം തലച്ചോറിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഓപ്പൺ ചെയ്യുവാനും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്റർവെൻഷണൽ ന്യൂറോളജിസ്റ്റിന്റെ സേവനവും ജൂബിലി മിഷനിൽ ലഭ്യമാണ്.

## ഹൈലൈറ്റ്സ്

* ആശുപത്രി അറുപത്തിയെട്ടാം വാർഷികം ആഘോഷിച്ചു.
* ജൂബിലിയുടെ ചികിത്സാരീതികളെ പ്രകീർത്തിച്ച് ആരോഗ്യമന്ത്രി
* ജൂബിലി ആയുർവ്വേദ ആശുപത്രിയുടെ ഒ. പി. വിഭാഗം ആരംഭിച്ചു.
* നൈറ്റിംഗേൽസ് മീറ്റ് 2019
* ജൂബിലിയിൽ പുതിയ ക്ലിനിക്കൽ സൈക്കോളജി വിഭാഗം
* സമ്മാനാർഹരായി ജൂബിലി കുടുംബ അംഗങ്ങൾ
* ലോക റേഡിയോളജി ദിനം ആചരിച്ചു
* അനസ്തേഷ്യ ഡോക്ടർമാരുടെ ശില്പശാല
* ആരോഹൺ 2K19
* ബെസ്റ്റ് എംപ്ലോയീയും ബെസ്റ്റ് വാർഡും

# ആരോഹൺ 2K19

ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് വിദ്യാർത്ഥികളുടെ ആർട്ട്സ്ഡേ ആരോഹൺ 2k19 ബഹുമാന്യനായ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷനായ ചടങ്ങ് പ്രശസ്ത ഏകാഭിനയ കലാകാരനായ ശ്രീ. സജീഷ് കുട്ടനെല്ലൂർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. എവറോൾ ട്രോഫി അവൻജേഴ്സ് ഗ്രൂപ്പും, ബെസ്റ്റ് പെർഫോർമർ ഓഫ് ആരോഹൺ 2k19 കുമാരി അനൈന ജോണിയും കരസ്ഥമാക്കി.



## ലോക റേഡിയോളജി ദിനം





ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഇന്റർനാഷണൽ ഡേ ഓഫ് റേഡിയോളജി ആചരിച്ചു. ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വിപ്രോ ജി ഇ ഹെൽത്ത്കെയർ നടത്തിയ ഓൺലൈൻ റേഡിയോഗ്രാഫി കോഴ്സിലെ വിജയികൾക്ക് ചടങ്ങിൽ റവ. ഫാ. ടിജോ ജോയ് മുല്ലക്കര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ലോകറേഡിയോഗ്രാഫി ദിനത്തിന്റെ ഭാഗമായി റേഡിയോളജി വിഭാഗവും ഓർത്തോ വിഭാഗവും ചേർന്ന് സ്പോർട്സ് ഇമേജിങ്ങ് ആന്റ് ഇഞ്ചുറിസ് എന്ന വിഷയത്തെക്കുറിച്ച് സി. എം. ഇ. നടത്തി.

## ആയുർവ്വേദ ഒ. പി. ഉദ്ഘാടനം ചെയ്തു

ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഔട്ട് പേഷ്യന്റ് വിഭാഗം ഉദ്ഘാടനം ബഹു. കൃഷിവകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാറും, മെഗാ മെഡിക്കൽ ക്യാമ്പ് സംഗീത സംവിധായകൻ ശ്രീ. ഔസേപ്പച്ചനും നിർവ്വഹിച്ചു.



# TRANSCON - 2019

പഞ്ചാബ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ജലന്ധറിൽ വച്ച് നടന്ന TRANSCON 2019 - ട്രാൻസ്ഫ്യൂഷൻ മെഡിസിൻ നാഷണൽ കോൺഫറൻസിലെ പി. ജി. ക്വിസ് മത്സരത്തിൽ ജൂബിലിയുടെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം പി. ജി. വിദ്യാർത്ഥികൾ ഡോ. ജെനി എലിസബത്ത് ജോർജ്ജും, ഡോ. ജോസഫ് ചാണ്ടിയും മൂന്നാം സ്ഥാനം നേടി.





# Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. LEENUS JACOB | JR RESIDENT, Emergency Medicine |
| 2 | Dr. PRATHYUSHA JOE | TUTOR, Community Medicine |
| 3 | Dr. NIDHI BHARGAV | JR RESIDENT, Cardiology |
| 4 | Dr. SURENDRA BABU B | RESIDENT, (DM)Neurology |
| 5 | Dr. KRISHNA TEJA KANDULA | RESIDENT,(DM)Neurology |
| 6 | Dr. SAROJ SONI | RESIDENT,(DM)Cardiology |
| 7 | JOICY A G | AYURVEDA THERAPIST |
| 8 | SHITHIN K V | AYURVEDA THERAPIST |
| 9 | SIFYA NTOO | TUTOR/CLINICAL INSTRUCTOR, MEDICAL SURGICAL NURSING |
| 10 | NEHA A | LECTURER, JMCON |
| 11 | BINDU A | HOSTEL CARE TAKER, Medical College |
| 12 | SUMAYYA V A | TECHNICIAN - ANAESTHESIA |
| 13 | ALEENA AN | TECHNICIAN - ANAESTHESIA |
| 14 | SURYA K M | TECHNICIAN - ANAESTHESIA |
| 15 | WILSON P J | SECURITY OFFICER |
| 16 | ANAGHA SREEDHER | PATIENT RELATIONS CO-ORDINATOR |
| 17 | SINCY MOL K V | STAFF NURSE |
| 18 | BINCY K B | STAFF NURSE |
| 19 | DANI JOHNSON | STAFF NURSE |
| 20 | JESNA JOSEPH M | STAFF NURSE |
| 21 | REGINA THAIKKADAN (LISSY T A) | STAFF NURSE |
| 22 | IRENE MARIA (BINCY T S) | STAFF NURSE |
| 23 | FEMIN SEBASTIAN | STAFF NURSE |
| 24 | SHINTU JOSEPH | STAFF NURSE |
| 25 | NEETHU T R | STAFF NURSE |
| 26 | ANSA THOMAS | STAFF NURSE |
| 27 | DEENAMOL S G | STAFF NURSE |
| 28 | GIFTY A V | STAFF NURSE |
| 29 | SONIYA ANTONY K | STAFF NURSE |
| 30 | TINTU THOMAS | STAFF NURSE |
| 31 | BELLA JOY | STAFF NURSE |
| 32 | BLESSY BABU | STAFF NURSE |
| 33 | ANU P O | STAFF NURSE |
| 34 | ANSA POULOSE | STAFF NURSE |
| 35 | NEENU P I | STAFF NURSE |
| 36 | LINSY P F | STAFF NURSE |
| 37 | REEMA THOMAS | STAFF NURSE |
| 38 | STEFY JOSEPH | STAFF NURSE |
| 39 | VINCY P V | STAFF NURSE |
| 40 | BLESSY BABY | STAFF NURSE |
| 41 | STEENA TONY A | STAFF NURSE |
| 42 | JOLPHY K O | STAFF NURSE |
| 43 | RIYA JOY | STAFF NURSE |
| 44 | ANU FRANCIS | JR QLTY EXECUTIVE |
| 45 | PHILOMINA THOMAS | CASHIER CASH/BILLING |
| 46 | DENCY P D | ATTENDANT |
| 47 | VARSHA VARGHESE N | ATTENDANT |
| 48 | LIJI K G | ATTENDANT |
| 49 | SHINTO LONAPPAN | ATTENDANT |

# അഭിനന്ദനങ്ങൾ

ഡോ. ബാബുരാജ് പി. (പ്രൊഫസർ, മെഡിസിൻ വിഭാഗം), പ്രൊഫസർ ഡോ. ജി. കെ. വാരിയർ മെമ്മോറിയൽ ഒറേഷൻ അവാർഡിന് അർഹനായി.



ഡോ. അനൂപ് ജെയിംസ് ജോർജ് (സീനിയർ റെസിഡന്റ്, എമർജൻസി മെഡിസിൻ വിഭാഗം) ദുബായിൽ നടന്ന ലോക അക്കാദമിക് കോൺഗ്രസ് ഓഫ് മെഡിസിൻ 2019, പോസ്റ്റർ മത്സരത്തിൽ ബെസ്റ്റ് പോസ്റ്ററിനുള്ള സമ്മാനം നേടി.



# ചിൽഡ്രൻസ് ഡേ ദിനാചരണം

ശിശുദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിലെ സൈക്യാട്രി വിഭാഗവും, ക്ലിനിക്കൽ സൈക്കോളജി വിഭാഗവും സംയുക്തമായി അരണാട്ടുകര ഇൻഫന്റ് ജീസസ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിപാടികൾ സംഘടിപ്പിച്ചു. സെൽഫി യുഗം എന്നത് ആശയമാക്കി കുട്ടികൾക്ക് ചിത്രരചനാ മത്സരവും, മാതാപിതാക്കൾക്ക് കൗമാരപ്രശ്നങ്ങളെക്കുറിച്ച് ഒരു സെമിനാറും സംഘടിപ്പിച്ചു.

# കുടുംബങ്ങൾക്കൊരു കെടാവിളക്ക് വി. മറിയം ത്രേസ്യ



കുടുംബങ്ങൾക്കുവേണ്ടി ഉരുകിയ ഹൃദയവും അതിന്റെ ഉദ്ധാരണത്തിനായി നിലകൊണ്ട ഉറപ്പുള്ള മനസ്സും കൈമുതലായുള്ള ഒരു ധീര വനിതയാണ്, 19-ാം നൂറ്റാണ്ടിൽ നമ്മുടെ നാട്ടിൽ ജീവിച്ച് മരിച്ചുപോയ വിശുദ്ധ മറിയം ത്രേസ്യ.

രണ്ടാം ലോക മഹായുദ്ധത്തിന്റെ കെടുതികളിൽ ഒന്നായ വസൂരി രോഗത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ട സ്വന്തം നാട്ടുപുറത്തുകാർക്ക് ഒരു അത്താണി. മരണത്തിന്റെ ഇരുണ്ട മരവിപ്പിൽ നിന്ന് പ്രത്യാശയുടെ തിരുവെളിച്ചത്തിലേക്ക് അവരെ നയിക്കുവാൻ തക്ക ചങ്കുറപ്പും മനസ്സലിവും സമ്മിശ്രമായി അലങ്കരിക്കപ്പെട്ട അത്ഭുതസ്ത്രീ. രാവെന്നോ പകലെന്നോ കൂടാതെ ജീവിക്കുന്നവരും മരിച്ചവരുമായ ആത്മാക്കളുടെ രക്ഷയ്ക്കായി ധീരധീരം പോരാടിയ പ്രവാചക, മറ്റൊരു നൈറ്റിംഗേൽ. പാപിയെ തള്ളാത്ത, രോഗിയെ സാന്ത്വനിപ്പിച്ച, വിജാതീയരെ വേർതിരിക്കാത്ത ശത്രുമിത്രഭേദമന്യേ സ്നേഹത്തിന്റെ കുളിർക്കാറ്റ് വീശിയ യേശുനാഥന്റെ ആത്മമിത്രമാണ് താനെന്ന് സ്ഥിരീകരിച്ചുകൊണ്ട് ഇക്കഴിഞ്ഞ ഒക്ടോബർ 13, 2019-ൽ മാർ ഫ്രാൻസിസ് പാപ്പ വിശുദ്ധ പദവിയിലേക്കുയർത്തിയ 5 പേരിൽ ഒരാളാണ് "വിശുദ്ധ മറിയം ത്രേസ്യ മങ്കിടിയാൻ." തൃശ്ശൂരിലെ ഇരിങ്ങാലക്കുട രൂപതയിൽ കുഴിക്കാട്ടുശ്ശേരിയിലും പുത്തൻചിറയിലുമായി 50 വർഷം ജീവിച്ച് മൺമറഞ്ഞ ഒരു സാധു കന്യാസ്ത്രീ. 37 വയസ്സുവരെ അസാമാന്യ നൈപുണ്യത്തോടെ കൂടപ്പിറപ്പുകളെ സ്നേഹിച്ച് സാമൂഹ്യപ്രശ്നങ്ങളിൽ മദ്ധ്യസ്ഥയായി, ഒടുവിൽ 1914-ൽ തന്റെ 36-ാമത്തെ വയസ്സിൽ മൂന്ന് കൂട്ടുകാരികളുമൊത്ത് ഹോളിഫാമിലി സന്യാസിനി സമൂഹം സ്ഥാപിച്ചു. ആദ്യാംഗവും ആദ്യ മഠാധിപയുമായിത്തീർന്ന ഇവർ 1926 ജൂൺ 8-ന് തന്റെ 50-ാം വയസ്സിൽ പരലോകപ്രാപ്തയായി. ദൈവത്തെപ്രതി ഓടിയോടി തളർന്ന പാദങ്ങളും പ്രതിഫലേച്ഛ കൂടാതെ ശുശ്രൂഷിച്ച കരങ്ങളും, അമ്മ നൈവേദ്യമായി തമ്പുരാന് നൽകി. പഞ്ചക്ഷതധാരിയായി സഹനമുദ്രകൾ ഏറ്റെടുത്ത്, വറ്റാത്ത ദൈവീക കരുണ സഹചരരിലേയ്ക്ക് ഒഴുക്കിയ ഈ കെടാവിളക്ക് എനിക്കും നിങ്ങൾക്കും ഒരു പ്രചോദനമല്ലേ? ആ കർമ്മയോഗിക്കുമുമ്പിൽ ഒരായിരം പ്രണാമം.

**സി. ധന്യ സി.എച്ച്.എഫ്**
അസോ. പ്രൊഫസർ,
ജൂബിലി മിഷൻ കോളേജ്
ഓഫ് നേഴ്സിങ്ങ്





ഗ്യാസ്ട്രോ വിഭാഗം –
2019 സെപ്റ്റംബർ മാസത്തെ മികച്ച ഡിപ്പാർട്ട്മെന്റ്



ഹൃദയാലയ ITU –
2019 ഒക്ടോബർ മാസത്തെ മികച്ച ഡിപ്പാർട്ട്മെന്റ്

## FOGSI award

ഫെഡറേഷൻ ഓഫ് ഒബ്സ്ട്രേറ്റിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റിസ് ഓഫ് ഇന്ത്യ 2019ലെ അവാർഡുകൾ വിതരണം ചെയ്തു.

ഡോ. അശ്വത്കുമാർ പ്രൈഡ് ഓഫ് FOGSI അവാർഡ് നേടി.



ഡോ.അശ്വത്കുമാർ

ഡോ. ബിന്ദു എം., ഡോ. നീത ജോർജ് എന്നിവർ വണ്ടർ FOGSIAN അവാർഡ് നേടി.



ഡോ. ബിന്ദു എം.



ഡോ. നീത ജോർജ്



ഡോ. രേഷ്മ ജോയ്

ഡോ. രേഷ്മ ജോയ് യുവതുർക്കി അവാർഡ് നേടി.

## ജൂബിലിയിൽ ഇന്റർവെൻഷണൽ റേഡിയോളജി പരിശീലന പരിപാടി



ജൂബിലി മിഷൻ ആശുപത്രിയിൽ ഇന്റർവെൻഷണൽ റേഡിയോളജിയെ കുറിച്ച് തുടർവിദ്യാഭ്യാസപരിപാടി നടന്നു. വൈദ്യശാസ്ത്രരംഗത്തെ നൂതന സംവിധാനങ്ങളായ സി.ടി, എം.ആർ.ഐ, അൾട്രാസൗണ്ട് സ്കാൻ, ഫ്ളൂറോസ്കോപ്പി എന്നിവ ഇന്ന് രോഗനിർണ്ണയത്തിലെ പ്രധാനഘടകങ്ങളാണ്. ഇവയുടെ പിൻതുടർച്ചയായി വികസിച്ച ശാസ്ത്രശാഖയാണ് ഇന്റർവെൻഷണൽ റേഡിയോളജി. കമ്പ്യൂട്ടർ സഹായത്തോടെ മനുഷ്യശരീരത്തിലെ രോഗഗ്രസ്ഥമായ ഭാഗങ്ങൾ, അവയവങ്ങളുടെ സൂക്ഷ്മമായ ഛായ ചിത്രങ്ങൾ അപഗ്രഥിച്ച് ശസ്ത്രക്രിയകൾ ഇല്ലാതെ ചികിത്സ നടത്തുവാൻ സാധിക്കും. രോഗിയ്ക്ക് വേദനയും ആശുപത്രിവാസവും അനുബന്ധ പ്രയാസങ്ങളും കുറയും എന്നതും ഈ ചികിത്സാരീതിയുടെ നേട്ടങ്ങളാണ്. ഹൃദയം, നെഞ്ച്, തലച്ചോറ്, ഉദരാവയവങ്ങൾ എന്നിവയുടെ രോഗങ്ങളും, ചില കാൻസർ രോഗങ്ങളും ആരംഭത്തിൽ തന്നെ കണ്ടെത്തി ഈ സമ്പ്രദായത്തിലൂടെ ചികിൽസിക്കാൻ സാധിക്കും. ജില്ലാ മെഡിക്കൽ ഓഫീസിലെ എപ്പിഡമോളജി വിഭാഗം മേധാവി ഡോ. ഉമ മഹേശ്വരി ജൂബിലിയിലെ നുതന ചികിത്സാരീതി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഡോ. ബാലചന്ദ്രൻനായർ, ഡോ .പ്രസന്നകുമാർ, ഡോ.അനീഷ്, ഡോ.ഹരിസുതൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## അഭിനന്ദനങ്ങൾ



ഡോ. അബൂബക്കർ മുഹമ്മദ് റാഫി (അസിസ്റ്റന്റ് പ്രൊഫസർ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ) NABH ബ്ലഡ് ബാങ്ക് അക്രഡിറ്റേഷൻ അസ്സെസ്സർ ആയി തിരഞ്ഞെടുക്കപ്പെട്ടു.



2019 ഒക്ടോബർ മാസത്തെ ബെസ്റ്റ് എംപ്ലോയീ - ശ്രീമതി നിനി ജോർജ്ജ്, സ്റ്റാഫ് നേഴ്സ്, എമർജൻസി മെഡിസിൻ

## നൈറ്റിംഗേൽസ് മീറ്റ് 2019



തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗ് ഓഡിറ്റോറിയത്തിൽ വച്ച് നൈറ്റിംഗേൽസ് മീറ്റ് 2019 നടത്തി. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. നേഴ്സുമാർ ദൈവത്തിന്റെ ശുശ്രൂഷകരായി പ്രത്യാശയുടെ പ്രതീകങ്ങളായി വർത്തിക്കണം എന്ന് പിതാവ് ഓർമ്മപ്പെടുത്തി. സമ്മേളനത്തിൽ 500ഓളം പേർ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും തുടർന്ന് ബഹു. റോയ് കണ്ണൻചിറ അച്ചൻ സെമിനാറും നടത്തി. വിവിധ ആതുരാലയങ്ങളിൽനിന്നുള്ള കലാപരിപാടികൾ നടന്നു. അതിരൂപതയിലെ മികച്ച പഠനം കാഴ്ചവെച്ച നേഴ്സിംങ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കി. സമർപ്പണജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന മുൻ CNGAT പ്രസിഡന്റ് സി. ദെപ്പാസിയെ ആദരിച്ചു.

## MBBSവിദ്യാർത്ഥികളുടെ ഗവേഷണം



തിരുവനന്തപുരത്തു നടന്ന വിദ്യാർത്ഥികളുടെ വൈദ്യഗവേഷണം 2019, ദേശീയ കോൺഫറൻസിൽ വച്ച് നടത്തിയ പേപ്പർ പ്രസന്റേഷനിൽ എം. ബി. ബി. എസ്. 15-ാം ബാച്ചിലെ മീനാക്ഷി കുമാർ, ലിസ് അലക്സ്, മേഘ്ന മെർലിൻ മോത, മേരി ആൻ ജസ്റ്റിൻ, മരിയ തോമസ് വിൽസൺ, മെർലിൻ മാർട്ടിൻ എന്നിവർ ബെസ്റ്റ് പേപ്പറിനുള്ള സമ്മാനം നേടി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ തൃശൂർ ഉള്ള ഡെങ്കു കേസുകളുടെ GIS മാപ്പിംഗ് ആയിരുന്നു ഗവേഷണം.

## അനസ്തേഷ്യ ഡോക്ടർമാരുടെ ശില്പശാല നടന്നു.



ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ്സ് കേരള ചാപ്റ്ററിന്റെ ത്രിദിന ശില്പശാലയോടനുബന്ധിച്ച് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ശില്പശാല നടത്തി. സംസ്ഥാനത്തിന്റെ അകത്തും പുറത്തും നിന്ന് ഈ വിഭാഗത്തിലെ പ്രശസ്തർ പങ്കെടുത്തു.




കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് നടത്തിയ അഖില കേരളന്യൂറോ ക്വിസിൽ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ അമൃതയും അമലും രണ്ടാം സ്ഥാനം നേടി. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലേയും 28 ടീമുകളാണ് മത്സരിച്ചത്.

## മാനസിക ആരോഗ്യദിനാചരണവും ക്ലിനിക്കൽ സൈക്കോളജി ഡിപ്പാർട്ടുമെന്റിന്റെ ഉദ്ഘാടനവും



ലോക മാനസിക ആരോഗ്യദിനം വിപുലമായ പരിപാടികളോടെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ആചരിച്ചു. പുതിയ ക്ലിനിക്കൽ സൈക്കോളജി വിഭാഗത്തിന്റെ ഉദ്ഘാടനം പ്രൊഫസർ എമിരറ്റസ് ഡോ. ജെയിംസ് ടി ആന്റണി നിർവ്വഹിച്ചു. മാനസിക ആരോഗ്യദിനത്തിനോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ പ്രസന്റേഷൻ മത്സരത്തിൽ സമ്മാനർഹരായവരെ ചടങ്ങിൽ അനുമോദിച്ചു. ആശുപത്രി ജീവനക്കാർക്കുവേണ്ടി 'മാനസിക ആരോഗ്യം പ്രാഥമിക ആരോഗ്യം' എന്ന വിഷയത്തെക്കുറിച്ച് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സിസ്റ്റർ ആൻ ഗ്രേയ്സ്, സി. എച്ച്. എഫ്. ക്ലാസ്സ് നടത്തി.

## വർദ്ധിച്ചുവരുന്ന വൈറൽ രോഗബാധകളെ കുറിച്ചുള്ള ശാസ്ത്രീയ പഠനശിബിരം ജൂബിലിയിൽ നടന്നു.

ഉയർന്നുവരുന്ന വൈറൽ രോഗങ്ങളെക്കുറിച്ചുള്ള തുടർവിദ്യാഭ്യാസപരിപാടി മൈക്രോബയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നു.

ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, അസി. ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര എന്നിവർ സംസാരിക്കുകയും ആശങ്ക ഉയർത്തിക്കൊണ്ടിരിക്കുന്ന വൈറൽ രോഗങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കേണ്ടതിന്റെ ഉത്തരവാദിത്വത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

എം. ഡി. മൈക്രോബയോളജി പരീക്ഷയിൽ (KUHS 2019) ഒന്നാം റാങ്ക് നേടിയ ഡോ. ഗംഗാ രാജു കൃഷ്ണയെ ഉപഹാരം നൽകി അനുമോദിച്ചു. പ്രബന്ധാവതരണവും പോസ്റ്റർ മത്സരവും, വിവിധ ക്ലാസ്സുകളും ഇതോടൊപ്പം സംഘടിപ്പിച്ചു.

## ഹൃദയാരോഗ്യ സംരക്ഷണ വാഗ്ദാനവുമായി ജൂബിലിയിൽ ലോകഹൃദയാരോഗ്യ ദിനം ആചരിച്ചു.



ഈ വർഷത്തെ ലോകഹൃദയാരോഗ്യദിനത്തിന്റെ ആപ്തവാക്യമായ '-Be a Heart Hero' Make a promise for my heart, for your heart, for all our hearts. നിങ്ങൾ നിങ്ങളുടേയും, മറ്റുള്ളവരുടേയും ഹൃദയത്തിന്റെ ഹീറോ ആകുവാൻ ഹൃദയസംരക്ഷണം വളരെ അത്യാവശ്യമാണ്, രക്തസമ്മർദ്ദത്തിന്റെ നിയന്ത്രണം, പുകവലി ഉപേക്ഷിക്കൽ, പോഷകാഹാരം, ധാരാളം വ്യായാമം എന്നിവയാണ് ഹൃദയസംരക്ഷണത്തിന് ആവശ്യമായ ഘടകങ്ങൾ.

ലോകഹൃദയ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിനായി വിവിധ പരിപാടികൾ നടത്തുകയുണ്ടായി. പതിനായിരത്തിൽ പരം ആളുകൾ പങ്കെടുത്ത നോ യുവർ ബ്ലഡ് പ്രഷർ - എന്ന സൗജന്യ ബി.പി. ചെക്ക്അപ്പ് തൃശ്ശൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലും, കോർപ്പറേഷൻ ഓഫീസിലും ജൂബിലി മിഷൻ ആശുപത്രിയുടെ വിവിധ വിഭാഗങ്ങളിലും നടത്തി. തൃശ്ശൂർ ഫയർ ഫോഴ്സ് അക്കാദമിയിലെ 300-ൽ പരം ഫയർമെൻ ട്രെയ്നീസിനായി ജൂബിലി മിഷൻ ആശുപത്രിയിലെ കാർഡിയാക്ക് അനസ്തേഷ്യാ വിഭാഗത്തിലെ ഡോ. ബിനിൽ ഐസക്ക് മാത്യുവിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സംഘം ഹൃദയസ്തംഭനം ഉണ്ടായാൽ നടത്തേണ്ട അടിയന്തിര രക്ഷാപ്രവർത്തനത്തെക്കുറിച്ച് (Compression only life support) പരിശീലനം നൽകി. പോഷകാഹാരത്തിന്റെ പ്രധാന്യം ഉൾകൊണ്ടുകൊണ്ട് ജൂബിലി മിഷൻ ആശുപത്രിയിലെ വിവിധ വിഭാഗങ്ങളെ പങ്കെടുപ്പിച്ച് ഹെൽത്തി ഹാർട്ട് കുക്കിങ്ങ് മത്സരവും നടത്തി. ലോകഹൃദയദിനത്തിൽ നടന്ന സമ്മേളനം പ്രശസ്ത പിന്നണി ഗായകൻ അനൂപ് ശങ്കർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ജൂബിലി ഹാർട്ട് വാക്കും, ഫാർമസി സ്റ്റാഫിന്റെ ഫ്ളാഷ് മോബും, വിവിധ ക്ലാസ്സുകളും നടന്നു.

Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Ms. Suma Paul Editorial Board
Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu | Ms. Vineetha | Ms. Ambili Ulahannan